LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് പ്രസ്സുകളുടെ കംപോസിംഗ് വിഭാഗത്തിലെ ജീവനക്കാർക്കർഹമായ റഗുലേഷൻ പ്രമോഷൻ

79 [2568] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, വി. ഡി. സതീശൻ :
,, കെ. അച്ചുതൻ :
,, ജോർജ് ജെ. മാത്യു :
,, പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റു പ്രസ്സുകളിലെ കംപോസിംഗ് വിഭാഗത്തിലെ ജീവനക്കാർക്കർഹമായ റഗുലർ പ്രൊമോഷൻ ഇപ്പോൾ നിഷേധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു കാരണം കൊണ്ടാണ് ഇത് നിഷേധിച്ചത് എന്നു പറയാമോ;

(സി) ഇവരുടെ പ്രൊമോഷൻ നിഷേധിക്കുവാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഭരണപരിഷ്ക്കരണ വകുപ്പിൽ നിന്നും പ്രസ്തുത പ്രൊമോഷൻ നൽകേണ്ടതില്ലെന്നറിയിച്ചുകൊണ്ട് അച്ചടി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(എഫ്) സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ ഒരു നിർദ്ദേശവും അച്ചടിവകുപ്പിന് നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത വിഭാഗത്തിലെ ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ നൽകുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി, ഡി, ഇ ആന്റ് എഫ്) 19-11-2003-ലെ ജി.ഒ.(പി) നമ്പർ 34/03/ഉ.വി.വ ഉത്തരവ് പ്രകാരം നിർത്തൽ ചെയ്ത രണ്ടാം ഗ്രേഡ് കമ്പോസിറ്റർ തസ്തികയ്ക്ക് ആനുപാതികമായി ഒന്നാം ഗ്രേഡ് കമ്പോസിറ്റർ, സീനിയർഗ്രേഡ് കമ്പോസിറ്റർ തസ്തികകളിൽ കുറവ് വരുത്തേണ്ടതുണ്ടോയെന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. അന്തിമതീരുമാനം ആയിട്ടില്ല.